## പതിമൂന്നാം കേരള നിയമ സഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :*98 — 21/03/2013 ൽ മറുപടിക്ക്

## കായൽ കയ്യേറ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.ബേബി<br>ശ്രീ.പി.കെ. ഗുരുദാസൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. സാജു പോൾ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വ്യാപകമായ രീതിയിൽ കായൽ കയ്യേറ്റം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) അതുമൂലം സംസ്ഥാനത്തെ കായലുകളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ള കാര്യം അറിയാമോ ; | (ബി) അറിയാം |
| (സി) തീരദേശ പരിപാലന നിയമങ്ങൾ പോലും ലംഘിച്ച് കായൽ തീരങ്ങളിൽ റിസോർട്ട് നിർമ്മാണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്നാൽ എത്ര അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) ഉണ്ട്.<br>കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട വില്ലേജിൽ ബ്ളോക്ക് നമ്പർ 13 ൽ സർവ്വെ നമ്പർ 156/1-2, 13 എന്നിവയിൽപ്പെട്ട സ്ഥലത്തും, ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പാണാവള്ളി വില്ലേജിൽപ്പെട്ട നെടിയതുരുത്ത് ദ്വീപിലും അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന അത്തരം പ്രവർത്തികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് കായൽ വിസ്തൃതി നിലനിർത്തുന്നതിന് തയ്യാറാകുമോ? | (ഡി) കേരള ഭൂസംരക്ഷണ നിയമപ്രകാരം കർശന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ